# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1384.

22..3..2013-ൽ മറുപടിക്ക്

## പാൽ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത്; | (എ) സംസ്ഥാനത്ത് പ്രതിദിനം 85 ലക്ഷം ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത്. |
| (ബി) പ്രതിദിന പാൽ ഉൽപ്പാദനം എത്ര ലിറ്ററാണ്; | (ബി) സംസ്ഥാനത്ത് പ്രതിദിനം 80.45 ലക്ഷം ലിറ്റർ പാലാണ് ഉല്പാദിപ്പിക്കുന്നത്. |
| (സി) പാൽ ഉല്പാദനരംഗത്ത് സ്വയം പര്യാപ്തതയ്ക്കായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) പാൽ ഉല്പാദനരംഗത്ത് സ്വയം പര്യാപ്തതയ്ക്കായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. <u>മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം. (M.S.D.P.)</u><br>കൂടുതൽ പേരെ ക്ഷീര മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന തിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിനും കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനും സബ്സിഡി നല്കുന്നുണ്ട്. കൂടാതെ കറവക്കാരില്ലാതെ ബുദ്ധിമുട്ടുന്ന കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനും ഫാമിലെ മറ്റ് പ്രവർത്തനങ്ങൾക്കും കർഷകർക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. ഇതോടൊപ്പം ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ധനസഹായം ടി പദ്ധതി പ്രകാരം നല്കിവരുന്നുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതി പ്രകാരം |

ക്ഷീരസഹകരണ സംഘങ്ങൾ പുതുതായി രൂപീകരിക്കുന്നതിനും പ്രവർത്തനരഹിത മായവ പുനരുദ്ധരിക്കുന്നതിനും ധന സഹായം അനുവദിക്കുന്നു. അവശ്യാ ധി ഷ്ഠിത ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിക്ഷീര സഹകരണ സംഘ ങ്ങളുടെ ആവശ്യ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും സബ്സിഡി അനുവദിച്ച വരുന്നു. കൂടാതെ സ്വന്തമായി സ്ഥലമുള്ള ക്ഷീരകർഷകർക്ക് പാൽ സംഭരണ മുറി നിർമ്മിക്കുന്നതിനും, ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം സംഘങ്ങളെ സജ്ജ മാക്കുന്നതിന് ആവശ്യമായ പ്രവർത്തന ങ്ങൾക്കും പരിശീലനത്തിനും ധനസഹായം അനുവദിക്കുന്നുണ്ട്.

## 2. <u>തീറ്റപ്പുൽകൃഷി വികസന പദ്ധതി.</u>

തീറ്റച്ചെലവ് കുറച്ച് പാലുല്പാദനം ലാഭകരമാക്കുന്ന തിന് ഉദ്ദേശിച്ചുകൊണ്ട് ക്ഷീര കർഷകർക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇത്. കൂടാതെ ഹ്രസ്വകാല തീറ്റപ്പുൽകൃഷി പദ്ധതിക്കും, ധനസഹായം നല്കി വരുന്നുണ്ട്.

## 3. <u>കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.</u>

ക്ഷീരസഹകരണ സംഘങ്ങളിൽ പാലൊഴിക്കുന്ന കർഷകർക്ക് അവർ സംഘത്തിൽ ഒഴിക്കുന്ന പാലിന് ആനു പാതികമായി കാലിത്തീറ്റക്ക് സബ്സിഡി അനുവദിക്കുന്നു.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിള ക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ

ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷ കർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ